

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025--26



## G L P S വളയന്നൂർ

## ആമുഖം

ആദരണീയനായ ശ്രീ കെ കേളപ്പൻ ഹരിജനോദ്ധാരണത്തിൻ ഭാഗമായി പൂപ്പറമ്പത്ത് ഒരു ആശ്രമം സ്ഥാപിച്ചു ഹരിജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുകയും ക്രമേണ 1926 ൽ മുണ്ടയക്കാപറമ്പത്ത് രാമനൻ നായർ കെട്ടിടമുണ്ടാക്കി വാടകക്ക് നൽകി പഞ്ചമി സ്കൂൾ എന്ന പേരിൽ സ്ഥാപനമുലണ്ടാക്കുകയും ചെയ്തു. ഇതേ സമയം തന്നെ ഈ പ്രദേശത്തെ മുസ്ലീങ്ങളെ സ്കൂളിലേക്കാകർഷിക്കാൻ കെ.സി മുഹമ്മദ് മാസ്റ്റർ മാനേജ്മെന്റ് തലത്തിൽ ഒരു സ്കൂളും തുടങ്ങി എതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ രണ്ട് സ്കൂളുകളും ഒരുമിച്ച് വളയന്നൂർ എലമെന്ററി സ്കൂൾ എന്ന പേരിൽ ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ വളയന്നൂർ ഗവ: എൽ പി സ്കൂൾ

പൈത്തനാരി എന്ന സ്ഥലത്ത് സ്ഥാപിച്ചിരുന്ന വാടകകെട്ടിടത്തിൽ ഞെങ്ങി ഞെരുങ്ങിയും സ്ഥലമില്ലാതെയും പറമ്പിലും ഇടവഴിയിലും മദ്രസ ചെരിവിലുമായിപഠനം നടത്തിയും ഹതഭാഗ്യരായ പിഞ്ചുകുട്ടികൾ വിശ്വാസത്തോടെ പഠനപ്രവർത്തനം നടത്താൻ വളരെയധികം വിഷമിച്ചു.തുടർന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നാട്ടുകാരുടെയും അക്ഷീണ പരിശ്രമത്താൽ ഇപ്പോൾ സ്കൂൾ നില നിൽക്കുന്ന സ്ഥലം വിലക്കു വാങ്ങുകയും ബ്ലോക്ക് പഞ്ചായത്ത് ,ഗ്രാമപഞ്ചായത്ത്,നാട്ടുകാർ ഇവർ ചേർന്ന് ഈ കാണുന്ന കെട്ടിടം ഉണ്ടാക്കുകയും ചെയ്തു.

വീണ്ടും സ്ഥലസൗകര്യക്കുറവ് അനുഭവപ്പെട്ടപ്പോൾ ജില്ലാപഞ്ചായത്തിന്റെ വക രണ്ട് ക്ലാസ് റൂമുകൾ നമുക്ക് ലഭിച്ചു. തൊട്ടടുത്ത വർഷം തന്നെ മാവൂർ ഗ്രാമപഞ്ചായത്ത് തുക ഇവ ലഭിച്ചപ്പോൾ അതു വരെ വീർപ്പു മുട്ടി കഴിഞ്ഞിരുന്ന സ്ഥലത്ത് സൗകര്യക്കുറവിനു ഒരറുതി വന്നു.2011 -12 വർഷം ലഭിച്ച ഫണ്ടുപയോഗിച്ച് സ്കൂൾ മുഴുവൻ ടൈലിടുകയും പോളിഷ് നടത്തി ആകർഷകമാക്കുകയും ചെയ്തു.ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിന് പഴക്കം കൊണ്ടും പാരമ്പര്യം കൊണ്ടും മഹത്വം കൊണ്ടും ജീവിതത്തിന്റെ നാനാതുറകളിൽ സേവനമനുഷ്ഠിക്കുന്ന പല വ്യക്തികളെയും വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട് .ശാസ്ത്രമേളകളിലും കായികമേളകളിലും കലാമേളകളിലും ഇവിടുത്തെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ച

വെയ്ക്കുകയും ഒട്ടേറെ സർട്ടിഫിക്കറ്റുകളും മെഡലുകളും കരസ്ഥമാക്കുകയും ചെയ്തു വരുന്നു.

മാവൂർ ഗ്രാമപഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറായി ചെറുപുഴ അതിരിടുന്ന ഒരു ഇടനാട് പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഗ്രാമപഞ്ചായത്ത് 4-ാം വാർഡ് എന്ന് അതിരിട്ട് തിരിച്ച ഈ പ്രദേശം കുറ്റിക്കടവ്, കണ്ണിപറമ്പ്,ചെട്ടിക്കടവ് ഭാഗങ്ങൾഉൾക്കൊള്ളുന്നു

30 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.............

## ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് വമ്പിച്ച ഒരു മുന്നേറ്റമാണ് നമ്മുടെ സ്കൂൾ കാമ്പസുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും,ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്റൂമുകളിൽ നടക്കേണ്ടത് വിദ്യാഭ്യാസ അവകാശനിയമം ഉറപ്പാക്കികൊണ്ടുളള പ്രവർത്തനങ്ങൾ ആണ് ഈ പദ്ധതി മുന്നോട്ടുവക്കുന്നത്.

- 1 മുതൽ 4 വരെ ഓരോ ക്ലാസ്സിലെയും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ,ധാരണകളും,നൈപുണികളും പരമാവധി കുട്ടികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക
- എല്ലാ കുട്ടികളുടെയും സർഗ്ഗാത്മകശേഷി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകും.
- അധ്യാപകശാക്തീകരണം കാര്യക്ഷമമാക്കും
- വിവരവിനിമയസാങ്കേതികവിദ്യ നടപ്പിലാക്കുന്നതിന് ഭൗതികസാഹചര്യങ്ങളും അക്കാദമികസൗ കര്യങ്ങളും നടത്തും
- കലാകായികപ്രവൃത്തിപരിചയമികവ് ഉറപ്പു വരുത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കും
- പഠനപിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകും
- ലൈബ്രറി,ലാബ് എന്നിവ പരമാവധി പ്രയോജനപ്പെടുത്തും

- വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും. (പഠനയാത്ര, ക്യാമ്പുകൾ,ശില്പശാലകൾ ,വിദഗ്ദ്ധരുടെ ക്ലാസ്സുകൾ)

- പുതിയ തലമുറയെ കൃഷിസംസ്കാരവുമായി ബന്ധപ്പെടുത്തും
- മാലിന്യ നിർമാർജ്ജനത്തിന് പ്രാധാന്യം നൽകും
- പ്ലാസ്റ്റിക് വിമുക്ത അന്തരീക്ഷം സ്കൂളിൽ സൃഷ്ടിക്കുന്നു.
- ജൈവവൈവിധ്യപാർക്ക് സ്കൂളിൽ നിർമ്മിക്കും
- ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് പ്രാധാന്യം നൽകും.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും വിവിധ വിഷയങ്ങളിൽ ,ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കും
- സ്കൂൾ പ്രവർത്തനങ്ങളെ സമൂഹവുമായി ബന്ധപ്പെടുത്തും

വിദ്യാലയത്തിന്റെ കാഴ്ചപ്പാട്

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലെത്താൻ
- സഹായകരമായ പഠനാവസരം ലഭ്യമാക്കും
- ആധുനികസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള മികച്ച പഠനം ലഭ്യമാക്കും
- കലാകായിക പ്രവൃത്തിപരിചയവിദ്യാഭ്യാസത്തിന് ഭൗതികവും അക്കാദമികവുമായസൗകര്യങ്ങൾ ഒരുക്കും.
- ക്ലാസ്സ് മുറികൾ സ്മാർട്ടാക്കും.അന്താരാഷ്ട്രനിലവാരത്തിലുള്ള പഠന നിലവാരം ഉറപ്പു വരുത്തും.

- പ്ലാസ്റ്റിക് വിമുക്തവും, കീടനാശിനി വിമുക്തവും,ലഹരിവിമുക്തവുമായ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കും
- ആധുനികസൗകര്യങ്ങളോടെയുള്ള ലൈബ്രറി,ലാബ് എന്നിവ ഉണ്ടാക്കും

- ജൈവവൈവിധ്യഉദ്യാനം യാഥാർത്ഥ്യമാക്കും
- കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിങ് സൗകര്യം ഉറപ്പു വരുത്തും
- ഭിന്നശേഷിക്കാർക്ക് അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ
- ഉറപ്പു വരുത്തും
- സ്കൂളിൽ ടാലന്റ് ലാബ് ഒരുക്കും.പ്രവർത്തനപുരോഗതി വിലയി രുത്തും
- വിവിധ മേഖലകളിൽ കഴിവുള്ള വിദഗ്ധരുടെക്ലാസ്സുകൾ സംഘടിപ്പിക്കും
- പരിസ്ഥിതിസംരക്ഷണ മനോഭാവമുള്ള കുട്ടികളെ സൃഷ്ടിക്കും.
- സാംസ്കാരികവും സാമൂഹികവുമായ മൂല്യങ്ങൾ ഉയർത്തുന്ന
- പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും
- നല്ല ഉച്ചഭക്ഷണം ഉറപ്പു വരുത്തിക്കൊണ്ട് നല്ല ആരോഗ്യമുള്ള കുട്ടികളെ നാടിന് സമർപ്പിക്കും
- വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള അവസരം സൃഷ്ടിക്കും
- സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുന്ന അനേകംപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ആഘോഷങ്ങളും ദിനാചരണങ്ങളും നടത്തും
- രക്ഷിതാക്കളെ സ്കൂളിലേക്കാകർഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തും
- വിവിധ തരം ബോധവൽക്കരണക്ലാസ്സുകൾ രക്ഷിതാക്കൾക്ക് നൽകും
- രക്ഷിതാക്കളുടെയും കുട്ടികളുടെയുംപങ്കാളിത്തത്തോടെ പഠനോപകരണ ശിൽപശാലകൾ സംഘടിപ്പിക്കും
- നാട്ടറിവുകളും കൈതൊഴിലുകളും കുട്ടികളെ പരിചയപ്പെടുത്തും

- പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടുന്നതിന് സാമൂഹികപങ്കാളിത്തം ഉറപ്പു വരുത്തും
- സഹവാസ ക്യാമ്പുകൾ,ഫീൽഡുട്രിപ്പുകൾ എന്നിവയിലൂടെ സ്കൂളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തും
- ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ കുട്ടികളുടെ സാമൂഹിക സുരക്ഷ ഉറപ്പു വരുത്തും
- കുട്ടികൾക്ക് ആകർഷകമായ ക്ലാസ്സ് മുറികളും പഠനോപകരണങ്ങളും ഒരുക്കും

# പ്രവേശനോത്സവം

2025 ജൂൺ 2

2025 26 വർഷത്തെ പ്രവേശനോത്സവം ജൂൺ രണ്ടാം തീയതി വിപുലമായി നടത്താൻ തീരുമാനിച്ചു. നവാഗതരെ സ്വീകരിക്കുന്നതിനായി സ്കൂൾ അലങ്കരിക്കാനും, അവർക്ക് ബലൂണുകൾ, മധുര പലഹാരം, കിരീടം എന്നിവ നൽകാനും തീരുമാനിച്ചു. വിവിധകലാപരിപാടികൾ,പ്രവേശനോ-ത്സവ ഗാനം ദൃശ്യാവിഷ്കാരം, ഇവയും ഉൾപ്പെടുത്താൻ തീരുമാനിച്ചു. തദവസരത്തിലേക്ക് പിടിഎ പ്രസിഡണ്ട്, വാർഡ് മെമ്പർ, PTA അംഗങ്ങൾ, മുൻ പ്രധാന അധ്യാപിക ഉഷ ടീച്ചർ എന്നിവരെ പങ്കെടുപ്പിക്കുവാനും തീരുമാനിച്ചു.

**ജൂൺ 5 പരിസ്ഥിതി ദിനം**

പരിസ്ഥിതി ദിനത്തിൽ രാവിലെ പ്രത്യേക അസംബ്ലി, പരിസ്ഥിതി ദിന പ്രതിജ്ഞ, പരിസ്ഥിതി കവിത ചൊല്ലൽ, സ്കൂളിൽ ജൈവവേലി നിർമ്മാണം, ചെടി നടൽ, പൂന്തോട്ട നിർമ്മാണം എന്നിവ ആസൂത്രണം ചെയ്തു. ക്ലാസ് തലത്തിൽ പോസ്റ്റർ പതിപ്പ് നിർമ്മാണം മുത്തശ്ശി മര നിർമ്മാണം തുടങ്ങിയവയും നടത്താൻ തീരുമാനിച്ചു

**ജൂൺ 19 വായനദിനം**

ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായിരുന്ന പി.എൻ പണിക്കരുടെ ഓർമ്മ പുതുക്കിക്കൊണ്ട് വായനദിനം സമുചിതമായി ആചരിക്കാൻ തീരുമാനിച്ചു

**വായനമാസ ആചരണ പരിപാടികൾ**

- ഉദ്ഘാടനം
- പുസ്തക വിതരണം
- വായനക്വിസ് (3,4)
- വായന ബെൽ
- കൂട്ട വായന
- റീഡേഴ്സ് തീയറ്റർ
- ക്ലാസ്റൂം ലൈബ്രറി ശാക്തീകരണം
- എഴുത്ത്, വര - വായന (1, 2)
- സംയുക്ത വായന
- വായനമൂല ഒരുക്കൽ (ക്ലാസ് തലം)
-

**ജൂൺ 26 - ലഹരി വിരുദ്ധ ദിനം**

മാനവരാശിയെ തകർക്കുന്ന ലഹരിയെന്ന മാരക വിപത്തിനെതിരെ വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുന്നതിനായി ലഹരി വിരുദ്ധദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

പരിപാടികൾ

- പ്രത്യേക അസംബ്ലി
- ലഹരി വിരുദ്ധ പ്രതിജ്ഞ
- പോസ്റ്റർ, പ്ലക്കാർഡ് നിർമാണം
- ലഹരി വിരുദ്ധ ഡാൻസ്
- പരിപ്പ് നിർമാണം
- വീഡിയോ പ്രദർശനം

## ജൂലൈ 5 ബഷീർദിനം

വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമായ ജൂലൈ 5 ന് ബഷീർ ദിനം ആചരിക്കാൻ തീരുമാനിച്ചു. അസംബ്ലി, കഥാപാത്രാവിഷ്കാരം, ക്വിസ്, ബഷീർ വീഡിയോ - ഡോക്യുമെന്ററി പ്രദർശനം തുടങ്ങിയ പരിപാടികൾ ആസൂത്രണം ചെയ്തു.

-

## ജൂലൈ 21 - ചാന്ദ്രദിനം

ചാന്ദ്രദിനത്തിൽ ഡോക്യുമെന്ററി പ്രദർശനം, ചാന്ദ്ര മനുഷ്യൻ, ചാന്ദ്രദിന ക്വിസ് അമ്പിളിമാമനുമായി ബന്ധപ്പെട്ട കുട്ടികളുടെ കലാപരിപാടികൾ തുടങ്ങിയവ നടത്താൻ തീരുമാനിച്ചു.

ആഗസ്റ്റ് 6 /9 ഹിരോഷിമ നാഗസാക്കി ദിനങ്ങൾ

യുദ്ധത്തിന്റെ ഭീകരതയെ പറ്റിയും സമാധാനത്തിന്റെ ആവശ്യകതയെ പറ്റിയും കുട്ടികളെ ബോധവാന്മാരാണ് ഹിരോഷിമ/നാഗസാക്കി ദിനങ്ങൾ ആചരിക്കാൻ തീരുമാനിച്ചു. കൊളാഷ് നിർമ്മാണം , സഡാക്കോകൊക്ക് നിർമ്മാണം, ക്വിസ്പതിപ്പ് നിർമ്മാണം, പ്ലക്കാർഡ് നിർമാണം, റാലി. വീഡിയോ പ്രദർശനം എന്നിവ നടത്താൻ തീരുമാനിച്ചു.

ആഗസ്റ്റ് – 15 സ്വാതന്ത്ര്യ ദിനം

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അസംബ്ലി, പതാക നിർമ്മാണം, റാലി എന്നിവ നടത്താൻ തീരുമാനിച്ചു. പായസവിതരണം നടത്താനും, കുട്ടികളുടെ കലാ പരിപാടികൾ നടത്താനും തീരുമാനിച്ചു. ക്ലാസ്തല പ്രവർത്തനങ്ങളായി താഴെ കൊടുത്ത പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു.

- പതിപ്പ് നിർമ്മാണം
- സ്വാതന്ത്ര്യ സമര സേനാനികൾ (വേഷം)
- ക്വിസ്
- പോസ്റ്റർ നിർമ്മാണം (സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവങ്ങൾ)
- പതിപ്പ് പ്രകാശനം (സ്വാതന്ത്ര സമര സേനാനികൾ)

ഓണാഘോഷം

ഓണാഘോഷ പരിപാടികൾ ഗംഭീരമാക്കാൻ തീരുമാനിച്ചു. വിവിധ ദിവസങ്ങളിലായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. പൂക്കൾ - പതിപ്പ് നിർമ്മാണം, നാടൻ പൂക്കളെ പരിചയപ്പെടുത്തൽ, ഓണക്കളികൾ - പതിപ്പ്, ഓണപ്പാട്ടുകൾ - പതിപ്പ് എന്നിവ കൂടാതെ സ്കൂൾ അടയ്ക്കുന്ന ദിവസം ഓണസദ്യ, ഓണക്കളികൾ, പൂക്കള മത്സരം, വിവിധ കലാ പരിപാടികൾ എന്നിവ നടത്താനും തീരുമാനിച്ചു.

ഒക്ടോബർ - 2 ഗാന്ധിജയന്തി

ഗാന്ധിജിയുടെ ലളിത ജീവിതവും സ്വഭാവ മഹിമയും ശുചിത്വബോധവും കുട്ടികളിൽ വളർത്താനാവശ്യമായ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഗാന്ധിജിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ പരിചയപ്പെടുത്തൽ, ഗാന്ധിജിയുടെ വേഷം, പ്രസംഗം, സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടുത്തൽ എന്നിവ നടത്താൻ തീരുമാനിച്ചു, ശുചീകരണ പ്രവർത്തനങ്ങൾ, ക്വിസ് എന്നിവ കൂടാതെ ക്ലാസ്തല പ്രവർത്തനങ്ങളായി പതിപ്പ്ചാർട്ട്, ചുമർപത്രിക എന്നിവ നിർമ്മിക്കാനും തീരുമാനിച്ചു.

നവംബർ - 1 കേരളപ്പിറവി ദിനം

മലയാള ഭാഷയുടെ പ്രാധാന്യത്തെപറ്റിയും കേരളത്തിലെ വിവിധ സ്ഥലങ്ങളെ പറ്റിയും പ്രതിപാദിച്ചു കൊണ്ട് അസംബ്ലി നടത്താൻ തീരുമാനിച്ചു. കേരളത്തിന്റെ സംസ്കാരിക തനിമ ബോധ്യപ്പെടുത്തുന്നതിനായി ഒരു വീഡിയോ പ്രദർശനം (ഭൂപ്രകൃതി) കേരളത്തെ പറ്റിയുള്ള കവിതകൾ പരിചയപ്പെടുത്തൽ എന്നിവയും നടത്താൻ തീരുമാനിച്ചു

നവംബർ - 14 ശിശുദിനം

ശിശുദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. ആശംസകാർഡ് നിർമ്മാണം

- നെഹ്റുതൊപ്പി നിർമാണം
- നെഹ്റുവേഷം
- ചിത്രരചനാമത്സരം
- പ്രസംഗം
- റോസാപ്പൂ നിർമാണം
- ശിശുദിന ഗാനങ്ങൾ ആലപിക്കൽ

ഈ പരിപാടികൾ കൂടാതെ ഒരു റാലി നടത്താനും പായസം നൽകാനും തീരുമാനിച്ചു.

**ക്രിസ്തുമസ് ആഘോഷം**

ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി കേക്ക് . വിതരണം, ക്രിസ്മസ് ട്രീ നിർമ്മാണം, ക്രിസ്മസ് അപ്പൂപ്പൻ, സമ്മാനങ്ങൾ കൈമാറൽ, ആശംസകാർഡ് നിർമ്മാണം, നക്ഷത്ര നിർമ്മാണം എന്നിവ നടത്താനും തീരുമാനിച്ചു.

**ഡിസംബർ - 18 അറബി ഭാഷ ദിനം**

അന്താരാഷ്ട്ര അറബി ഭാഷ ദിനത്തിന്റെ ഭാഗമായി വീഡിയോ പ്രദർശനം, കാലിഗ്രാഫി, പോസ്റ്റർ നിർമാണം മലയാളത്തിൽ പരിചയപ്പെടുത്തൽ, ക്വിസ് എന്നിവ നടത്താൻ തീരുമാനിച്ചു.

**ജനുവരി - 26 റിപ്പബ്ലിക്ദിനം**

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു.

- അസംബ്ലി
- ദേശഭക്തിഗാന മത്സരം
- ഭരണഘടനയുടെ വിവിധ ഭാഗങ്ങൾ പരിചയപ്പെടുത്തൽ
- അംബേദ്കറെ പരിചയപ്പെടുത്തൽ

**ഫെബ്രുവരി - 28 ശാസ്ത്ര ദിനം**

ശാസ്ത്രത്തിന്റെ പ്രാധാന്യത്തെ പറ്റി കുട്ടികളെ ബോധവാന്മാരാക്കുന്നതിന് കുട്ടികളിൽ ശാസ്ത്ര മനോഭാവം, അന്വേഷണതൽപരത, നിർമ്മാണാഭിമുഖ്യം എന്നിവ വളർത്തുന്നതിനും ശാസ്ത്രപുരോഗതിയുടെ വിവിധ നേട്ടങ്ങളെ പറ്റിയും അവരെ ബോധവാന്മാരാക്കുന്നതിനും ശാസ്ത്രദിനം ആഘോഷമാക്കാൻ തീരുമാനിച്ചു.

- സയൻസ് എക്സിബിഷൻ
- ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ
- ശാസ്ത്രജ്ഞന്മാർ - പതിപ്പ്
- ചുമർ പത്രിക
- പരീക്ഷണങ്ങൾ

എന്നീ പരിപാടികൾ ആസൂത്രണം ചെയ്തു കൂടാതെ കുട്ടികളുടെ നിരീക്ഷണ പാടവം വളർത്താൻ വിവിധ ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ എന്നിവ നടത്താനും തീരുമാനിച്ചു.

കുട്ടികളുടെ വിവിധ മേഖലകളിൽ ഉള്ള കഴിവുകൾ വികസിപ്പിക്കാനും പ്രദർശിപ്പിക്കാനുമായി വിവിധ മേളകൾ (ശാസ്ത്രമേള, കലാമേള, കായികമേള പ്രവർത്തിപരിചയമേള, ഗണിത മേള) നടത്താനും തീരുമാനിച്ചു. വിദ്യാരംഗം ക്ലബ്ബിന്റെ മേൽ നോട്ടത്തിൽ മലയാളം ഭാഷയിലുള്ള കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കാനായി കഥാരചന, കവിത രചന, ചിത്ര രചന, നാടൻപാട്ട് മത്സരം ,ശില്പശാലകൾ, നാടക കളരി എന്നിവ നടത്താൻ തീരുമാനിച്ചു, വാർഷികം ഗംഭീരമായി നടത്താനും തീരുമാനിച്ചു.


ഇംഗ്ലീഷ് ക്ലബ്ബിന്റെ മേനോട്ടത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് അസംബ്ലി എന്നിവ നടത്താനും തീരുമാനിച്ചു. ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിത ഫെസ്റ്റ് നടത്താൻ തീരുമാനിച്ചു. അക്കാദമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ധാരാളം ഫീൽഡ് ട്രിപ്പുകൾ, എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവയും ആസൂത്രണം ചെയ്തു.



# ജൈവവിദ്യാലയവും ഉദ്യാനവും







ഒന്നാം ക്ലാസ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

**ആമുഖം**

എല്ലാ കുട്ടികൾക്കും ആക്കാദമിക ഗുണമേന്മയുള്ള വിദ്യാഭ്യാസം അവരുടെ അവകാശമാണ്. ഓരോ ക്ലാസിൽ നിന്നും നേടേണ്ട ശേഷികൾ കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. നിരവധി പ്രവർത്തനങ്ങളിലൂടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ കടന്നു പോകുന്നത്.

മേഖല -: അക്കാദമികം

ഉപമേഖല -: മലയാളം

ക്ലാസ് : I

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം വായിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | 1. സന്നദ്ധതാ പ്രവർത്തനം (ഒന്നൊരുക്കം) | ജൂൺ | ക്ലാസ് ടീച്ചർ | |
| | 2. ശില്പശാല (അക്ഷരകാർഡ്, വായന കാർഡ്)(കിളിയെ ഉണ്ടാക്കുന്നു) | " | | |
| | 3. പൂക്കളുടെ പ്രദർശനം മാഗസിൻ നിർമ്മാണം | ജൂലൈ | | |
| | 4. ഓല കൊണ്ടുള്ള ഉല്പന്നങ്ങളുടെ പ്രദർശനം | ജൂൺ മുതൽ മാർച്ച് | | |
| | 5. പാട്ടരങ്ങ് (CPTA യിൽ) പരിസരനടത്തം (പക്ഷിനിരീക്ഷണം) (പലതരം കൂടുകൾ പ്രദർശനം | ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| | പലഹാരപ്രദർശനം (പരിസര നടത്തം)<br><br>വയലുകൾ, കുളങ്ങൾ സന്ദർശനം<br><br>ചിത്രീകരണം<br><br>പഴങ്ങളുടെ പ്രദർശനം<br><br>ചിത്രീകരണം (ഞാനാണ് പഴം)<br><br>പരീക്ഷണങ്ങൾ<br><br>ജലം/മഴ വെള്ളം എവിടെ പോകുന്നു | സെപ്റ്റം ബർ | SRG<br>HM<br>Class teacher | |
| | മഴ പെയ്യിക്കാം<br><br>പഴങ്ങളുടെ പ്രദർശനം | ഒക്ടോബർ | | |
| | പഴങ്ങളെ പറ്റി വിവരണം (പറയുന്നു, എഴുതുന്നു)<br><br>ആൽബം തയ്യാറാക്കുന്നു<br><br>സാഹിത്യസമാജം | നവംബർ | | |
| | കഥ, കവിത, ചിത്രരചന വായനമത്സരം<br>മികച്ച കയ്യെഴുത്ത് കണ്ടെത്തണം | ഡിസംബർ | | |
| | വായനക്കാർഡ് നിർമ്മാണം (ഗ്രൂപ്പ് നിർമ്മിക്കുന്നു)<br><br>വ്യക്തിഗതമായി തയ്യാറാക്കുന്നു | ജനുവരി<br>ഫെബ്രു വരി<br>മാർച്ച് | | |

# ACCADAMIC MASTER PLAN

## ENGLISH

**INTODUCTION**

All children can read and write English early. There are activities in the academic master plan.

| Objectives | Activities | Duration | Charge | Fund |
|---|---|---|---|---|
| Let's write and read all children | Music fest | June to March | Class Teacher<br>Parents<br>SRG | |
| | Workshop<br>Character, card, reading card, Picture card, Songs, Picture chart. | July | Class Teacher | |
| | English Assembly<br>All Children participate | August | Class Teacher<br>SRG | |
| | English Fest<br>Action song, Action words, My favorite words. | September | Class Teacher | |

## ഗണിതം

**ആമുഖം**

നിത്യജീവിതത്തിൽ ഗണിതപ്രവർത്തനങ്ങൾ ഒഴിച്ചു കൂടാൻ പറ്റാത്തതാണ്. കളിയിലൂടെയും പഠനത്തിലൂടെയും രസകരമായി കൊണ്ടുപോകുന്നു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടുകാരുടെയും സഹായത്തോടെയും ഗണിതശേഷികൾ നേടിയെടുത്തു. ഇവ നേടിയെടുക്കാൻ നിരവധി പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സംഖ്യാബോധം ഉറപ്പിക്കുക | ഗണിതശില്പശാല (സംഖ്യാകാർഡുകൾ, ചെറുതിൽ നിന്ന് വലുത് - ചാർട്ട്, നമ്പർ ചാർട്ട്, ഒറ്റസംഖ്യ, ഇരട്ട സംഖ്യ - ചാർട്ട്) | | ജൂലൈ | |
| | ഗണിത പാട്ടുകൾ | | ആഗസ്റ്റ് | |
| | ഗണിത അസംബ്ലി | | സെപ്റ്റംബർ | |
| | ഗണിത മാഗസിൻ | | ഒക്ടോബർ | |
| | പലതരം കളികൾ | | ജൂൺ മുതൽ മാർച്ച് | |

## 4. നിർമ്മാണശില്പശാല

പ്രവൃത്തിപരിചയവും കലയും ഉൾക്കൊള്ളുന്ന പ്രവർത്തനമാണിത്. ക്ലാസ് മൂന്നിലെ ആർപ്പോ ഇർറോ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ടാണ് നിർമ്മാണശില്പശാല നടത്തിയത്.

ലക്ഷ്യങ്ങൾ

1. പരിസരത്തിൽ ലഭ്യമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.
2. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക.
3. കുട്ടികളുടെ സർഗാത്മകമായ കഴിവും കരവിരുതും വികസിപ്പിക്കുക

നിർമ്മാണ ശില്പശാല സംഘാടനം

1. ക്ലാസ് പി ടി എ യിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ
2. നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ
3. നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ
4. നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ ശേഖരണത്തിന് ചുമതലപ്പെടുത്തൽ
5. രക്ഷിതാക്കളുടെ പങ്കാളിത്തം നിർണയം
6. എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുകയാണ്. അതിനാൽ കുട്ടികളും രക്ഷിതാക്കളും വേണം.
7. മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് ഒറ്റയ്ക്കുതന്നെ ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കേണ്ടവയും വിദഗ്ധർ ഉണ്ടാക്കേണ്ടവയും പരിഗണിക്കണം.
8. നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ ( എല്ലാവർക്കും സൗകര്യമുള്ള ദിവസം)
9. ഉദ്ഘാടനച്ചടങ്ങ് ആകാം
10. പ്രചരണം ( പോസ്റ്റർ, നവമാധ്യമങ്ങളിൽ കുറിപ്പ്)
11. നിർമ്മാണശില്പശാലയിൽ ആർപ്പോ ഇർറോ എന്ന പാഠത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തണം.
12. നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കണം.
13. കളിപ്പാട്ട നിർമ്മാണ ശില്പശാല സംയുക്തഡയറിയിലെ ഉള്ളടക്കമാകണം

# രണ്ടാം ക്ലാസ്സ്



| കാലയളവ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ജൂൺ | രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിന് അനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനു ഉള്ള ശേഷി നേടുന്നു | ❖ ചിത്ര കാർഡുകൾ നൽകൽ ചിത്രവും പദവും ഉൾക്കൊണ്ട്<br>❖ ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ വായന സാമഗ്രികൾ ഒരുക്കൽ<br>❖ വായനയും എഴുതും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ ഉപയോഗിക്കൽ<br>❖ സചിത്ര പാഠപുസ്തകം രൂപീകരിക്കൽ | |
| ജൂലായ് | രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക | ❖ ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു<br>❖ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>❖ സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി സജ്ജീകരണം പ്രദർശനം എഴുത്തിന്റെ വിവിധതരം രേഖപ്പെടുത്തൽ<br>❖ സംയുക്ത ഡയറി ആരംഭിക്കൽ | |
| ആഗസ്റ്റ് | ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | ❖ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>❖ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>❖ വീട്ടു ലൈബ്രറി ഒരുക്കൽ<br>❖ ചിത്രവിവരണം<br>❖ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.<br>❖ ഭാഷ വികാസ മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | |
| സെപ്റ്റംബർ | ആശയ വ്യക്തതയോടെ കുട്ടികൾ സ്വയം വായിക്കുന്നു | ❖ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ, വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.<br>❖ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം | |

| | | | |
|---|---|---|---|
| [illegible] | [illegible] | ❖ [illegible] അവസരം ഒരുക്കൽ<br>❖ [illegible] അവസരം ഒരുക്കുന്നു | |
| [illegible] | ചിത്രങ്ങളെ ആസ്പദമാക്കി സംഭാഷണം ലഘുവിവരണം കഥ എന്നിവ തയ്യാറാക്കുന്നു | ❖ [illegible] തയ്യാറാക്കൽ [illegible] നൽകുന്നു<br>❖ ആൽബം തയ്യാറാക്കുന്നതിന് അവസരം നൽകുന്നു<br>❖ വായനാകാർഡുകൾ ഒരുക്കുന്നു.<br>ആന<br>വലിയ ആന<br>കറുത്ത വലിയ ആന | |
| [illegible] | വർഷാവസാനം സ്വതന്ത്രമായ രചനതതിൽ ഏർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | ❖ കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.<br>❖ എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു. ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു<br>❖ വ്യക്തിഗത മാഗസിൻ തയ്യാറാക്കൽ വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ സാധ്യതകൾ രൂപീകരിക്കുന്നു<br>❖ കഥാപൂരണം - മിശ്ര പഠന രീതിയുടെ സാധ്യത | |
| ജനുവരി | ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുന്നു | ❖ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും ഉള്ള അവസരം ഒരുക്കൽ<br>❖ കവിത പൂരണം<br>❖ ലഘു വിവരണംപ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനും ഉള്ള അവസരം ഒരുക്കൽ<br>❖ അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം നൽകുന്നു. | |

| | | | |
|---|---|---|---|
| ഫെബ്രുവരി | വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക | ❖ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)<br>❖ കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താനുള്ള അവസരം ഒരുക്കൽ<br>❖ എല്ലാതലങ്ങളിലും കുട്ടികളെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ഉറപ്പാക്കൽ | |
| മാർച്ച് | ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക | ❖ വ്യക്തിഗത വായനയെ പ്രോത്സാഹിപ്പിക്കൽ<br>❖ ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ<br>❖ ഓരോ കുട്ടിക്കും ഓരോ പതിപ്പ് കയ്യെഴുത്ത് മാസിക, മാഗസിൻ എന്നിവ തയ്യാറാക്കൽ<br>❖ വീട്ടു വായന, കൂട്ട വായന, നാട്ടുവായന, അമ്മ വായന ചിത്ര വായന എന്നിവ പ്രോത്സാഹിപ്പിക്കൽ<br>❖ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ ശക്തമാക്കൽ<br>❖ നവമാധ്യമങ്ങളിലും പിടിഎ മീറ്റിംഗിലും അവതരിപ്പിക്കുന്നതിന് അവസരം നൽകൽ | |

## ENGLISH – II

Aim – To Speak , Read and write English with out any mistakes.

Time : June to March

PRE TEST - Helping to know students progress and helping focus students attention on specific learning goals.

To check the vocabulary and writing skills of pupils.

To develop listening skills & reading skills

JUNE - JULY

1. Games, Actions songs, Hellow English activities.
2. Conversation, Skit, Stories, Use ICT

Speaking Skills

1. Identify the naming words from the picture.
2. Identify the action words from the picture.
3. Make simple sentences using the action word and naming words about that picture.
4. Growing sentences, picture reading, self-introduction, Assembly are also conducted.

Activities

Speech, book review, Quiz, riddles, self-introduction etc.

August and September

Develop the creative speaking and writing.

Reading skills

1. News paper reading, library books reading book review, reading news.
2. Rhyming words, describing words etc.
3. Text book activities.

## MATHS – II

### ആമുഖം

രണ്ടാം ക്ലാസിലെ കുട്ടികൾക്ക് ഗണിത പഠനത്തിലൂടെ കൈവരിക്കേണ്ട നേട്ടങ്ങളെ ഒട്ടും ചോർന്നു പോകാതെ അതിന്റെ പൂർണ്ണമായ അർത്ഥമുൾക്കൊണ്ട് അവരിലേക്ക് എത്തിക്കുകയാണ് ഒരു അക്കാദമിക മാസ്റ്റർ തയ്യാറാക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്.

### ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക
- യുക്തി ചിന്താശേഷി, ഗണിതാശയങ്ങൾ അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള ശേഷി, അമൂർത്ത ആശയങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി ഇവ വികസിപ്പിക്കുക.

### പഠനനേട്ടങ്ങൾ

- 100 വരെ സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കജശ.
- രണ്ടക്കസംഖ്യ സങ്കലനം / വ്യവകലനം
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- മൂന്നക്ക സംഖ്യകൾ പരിചയപ്പെടൽ
- 2, 5, 10 ഇവയുടെ ഗുണന വസ്തുതകളുടെ രൂപീകരണം
- ജാമിതീയ രൂപങ്ങൾ, സംഖ്യ പാറ്റേണുകൾ തയ്യാറാക്കൽ
- അളവുകൾ, നാണയങ്ങൾ ഇവയെ കുറിച്ചുള്ള ധാരണകൾ

### മുന്നൊരുക്കം

- കുട്ടി ഒന്നാം ക്ലാസിൽ കൈവരിച്ച പഠന നേട്ടങ്ങളെ തിരിച്ചറിയാൻ അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു

| പ്രവർത്തനങ്ങൾ | |
|---|---|
| ❖ സംഖ്യ പാറ്റേണുകൾ രൂപീകരിക്കൽ | ജൂൺ |
| ❖ രണ്ടക്ക സംഖ്യകളുടെ സംഖ്യ വ്യാഖ്യാനം | |
| ❖ കലണ്ടർ നോക്കി ദിവസങ്ങൾ തീയതി മനസ്സിലാക്കൽ | |
| ❖ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | |
| ❖ വീടുകൾ സവിശേഷതകൾ സാമ്യവ്യത്യാസങ്ങൾ ആകൃതി വട്ടം ചതുരം ത്രികോണം ജ്യാമിതീയ രൂപങ്ങൾ | ജൂലൈ |
| ❖ രണ്ടക്ക സംഖ്യ രൂപീകരണം ചെറുത് വലുത് താരതമ്യം ചെയ്യുന്നു അക്കത്തിലും അക്ഷരത്തിലും എഴുതുന്നു | |
| ❖ സംഖ്യ വ്യാഖ്യാനം നടത്തുന്നു | |
| ❖ രണ്ടക്ക സംഖ്യകളുടെ തുക കാണാനുള്ള വ്യത്യസ്ത രീതികൾ വിശദീകരിക്കുന്നു. | ആഗസ്റ്റ് |
| ❖ രണ്ടക്ക സംഖ്യകളുടെ വ്യവകലനം | |
| ❖ സങ്കലനം - വ്യവകലനം - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | |
| ❖ നൂറിനെയും രണ്ടക്ക സംഖ്യകളെയും വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | |
| ❖ 100 ന്റെ കൂട്ടങ്ങൾ ചേർത്ത് മൂന്നക്ക സംഖ്യാരൂപീകരണം | സെപ്റ്റംബർ |
| ❖ 200 വരെ സംഖ്യകൾ എഴുതുന്നു വായിക്കുന്നു | |
| ❖ ഒന്ന് മുതൽ 10 വരെ സംഖ്യകളുടെ സങ്കലന പട്ടിക | |
| ❖ സങ്കലന - വ്യവകലന ക്രിയകൾ - പ്രായോഗിക പ്രശ്നങ്ങൾ | |
| ❖ സംഖ്യ പാറ്റേണുകൾ രൂപീകരിക്കൽ (സംഖ്യാ ബന്ധം കണ്ടെത്തൽ) | ഒക്ടോബർ |
| ❖ രണ്ടക്കസംഖ്യയിൽ നിന്ന് ഒരക്ക സംഖ്യ - വ്യവകലനം | |
| ❖ പ്രായോഗിക പ്രശ്ന നിർദ്ധാരണം | |

# EVS – II

## ലക്ഷ്യം

ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു അനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു പട്ടികപ്പെടുത്തുന്നു.

## പ്രവർത്തനങ്ങൾ

| | |
|---|---|
| ജൂൺ | ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. എല്ലാ കുട്ടികൾക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു.<br>❖ വളരുന്ന മരം<br>❖ നല്ല നാളേക്കു വേണ്ടി കവിത (ICT)ഏറ്റു ചൊല്ലുന്നു<br>❖ പ്രകൃതി നടത്തം സസ്യങ്ങൾ നിരീക്ഷിക്കുന്നു പേരുകൾ കണ്ടെത്തുന്നു NB യിൽ രേഖപ്പെടുത്തുന്നു<br>❖ ഒരു മരം വരയ്ക്കുന്നു നിറം നൽകുന്നു ഐസിടി ഉപയോഗിച്ച് കൂടുതൽ പരിചയപ്പെടുത്തുന്നു<br>❖ കുട്ടികൾ തങ്ങളുടെ ചുറ്റുപാടുമുള്ള വിവിധ സസ്യങ്ങളുടെ ഫോട്ടോകൾ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പങ്കുവെക്കുന്നു |
| ജൂലായ് | ❖ വിവിധതരം ഇലകൾ സ്വീകരിച്ച് ക്ലാസ്സിൽ കൊണ്ടുവരുന്നു അവയുടെ പേരുകൾ തിരിച്ചറിയുന്നു ഇലകളുടെ പ്രത്യേകതകൾ (ആകൃതി, നിറം, മണം, വലിപ്പം) ഇലകളെ തരംതിരിക്കുന്നു |
| ആഗസ്റ്റ് | ടീച്ചർ ചില ഇലകൾ ഞരടി കുട്ടികളെ മണപ്പിക്കുന്നു ഊഹിച്ച് കണ്ടെത്തുന്നു. ഇലയുടെ ഉപയോഗങ്ങൾ കണ്ടെത്തുന്നു ഇലയും ഉപയോഗങ്ങളും പട്ടിക പൂർത്തിയാക്കുന്നു<br>❖ ഇല ആൽബം ഇല പ്രിൻറ് ആൽബം ഇവ തയ്യാറാക്കുന്നു |
| സെപ്റ്റംബർ | ടീച്ചർ ഒരു ചെടി പിഴുത് ക്ലാസ്സിൽ കൊണ്ടുവരുന്നു ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു. ICT |
| ഒക്ടോബർ | വിത്ത് മുളപ്പിക്കൽ പരീക്ഷണം നിരീക്ഷിച്ച് ഓരോ ദിവസത്തെയും മാറ്റങ്ങൾ രേഖപ്പെടുത്തുന്നു വീഡിയോ പ്രദർശിപ്പിക്കുന്നു. |
| നവംബർ | ❖ കവിത അവതരിപ്പിക്കുന്നു<br>❖ ജലസസ്യങ്ങളെ പരിചയപ്പെടുത്തുന്നു നോട്ട് ബുക്ക് രേഖപ്പെടുത്തുന്നു |
| ഡിസംബർ | സ്കൂളിൽ ഒരു സസ്യ ഉദ്യാനം. കുട്ടികൾ വിവിധ നടീൽ വസ്തുക്കൾ കൊണ്ടുവരുന്നു ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. നടാൻ ഉപയോഗിക്കുന്ന ഭാഗങ്ങൾക്കനുസരിച്ചു തരംതിരിക്കുന്നുപട്ടികപ്പെടുത്തുന്നു. |
| ജനുവരി | സസ്യങ്ങളുടെ പേര് നൽകി കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു. ഓരോ ഗ്രൂപ്പും അവരവർക്ക് ലഭിച്ച സസ്യങ്ങളെ കുറിച്ച് പറയുന്നു. ലഘു കുറിപ്പുകൾ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു. ആവശ്യമായ ചിത്രങ്ങളും കവിതകളും ഓരോ കൂട്ടുകാരും കണ്ടെത്തുന്നു. പതിപ്പ് തയ്യാറാക്കുന്നു. |

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പാഠഭാഗങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികയ്ക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനയ്ക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു;
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയം - മലയാളം

## ക്ലാസ് - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് അനായാസമായി എഴുതാനും വായിക്കാനും സംസാരിക്കാനും കഴിയുന്നു | ശബ്ദശേഖരം വർധിപ്പിക്കൽ<br>എഴുത്ത്, വായന, സംസാരശേഷി വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | SRG<br>Class Teacher | PTA |
| നിർദേശങ്ങൾ പാലിക്കാനും വായനശേഷിയും വർദ്ധിപ്പിക്കുക | ഭാഷാകളിലകൾ, ആംഗ്യപ്പാട്ടുകൾ, ഭാവാത്മക വായന, കഥപറയൽ ഉപയോഗിച്ചുള്ള പാട്ടുകൾ, കഥകൾ എന്നിവ പരിചയപ്പെടുത്തൽ | ഓഗസ്റ്റ് സെപ്റ്റംബർ | Class Teacher | PTA |
| കുട്ടികളുടെ സർഗ്ഗാത്മകശേഷി വർധിപ്പിക്കുക | കഥാപുസ്തകങ്ങൾ വായിക്കുക | | | |
| കവിതകൾ കഥകൾ അവതരണം, എഴുതൽ, വായിക്കൽ | വായിച്ചതിൽ നിന്നും പുതിയ പദങ്ങൾ കണ്ടെത്തുക<br>പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ ചിത്രവി | ഒക്ടോബർ നവംബർ | SRG<br>Class Teacher | PTA |

| | | | | |
|---|---|---|---|---|
| | വരണം, വിവരണം വാക്കുകളുടെ ചെയിൻ നിർമ്മിക്കുക, വാക്കുകൾ കൂട്ടി ചേർത്തു കൂടുതൽ വരികൾ നിർമിക്കുക | | | |
| കുട്ടികളുടെ ആശയവിതരണശേഷി വർധിപ്പിക്കുന്നു | അനുഭവ വിവരണം, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, നാടൻപാട്ടുകൾ എന്നിവയുടെ ശേഖരണം, അവതരണം ICT | ജൂൺ ജൂലായ് | Class Teacher | PTA |
| ബാലകവിതകൾ വായിക്കാനും ആസ്വദിക്കാനുമുള്ള അവസരം | ലൈബ്രറി പുസ്തകങ്ങൾ അവതരണം - സർഗ്ഗവേള വായനമത്സരം ക്ലാസ്തലം | ജൂലായ് | Class Teacher | PTA |

# STD – 3

## ENGLISH

| Aim | Activities | Duration | Charge |
|---|---|---|---|
| To speak read & write English without any mistake | School Assembly<br>Classroom reading<br>News paper<br>Reading | June – March | SRG |
| To check the vocabulary and writing skills of pupils | Pre - test | June<br>July | SRG |
| To develop listening skills and reading skills | Listening<br>Games<br>Action songs<br>Hello English activities<br>Conversations<br>Skit stories<br>ICT use<br>Speaking<br>Identify naming words from the picture<br>Identify the action words from the picture<br>Make simple description about the picture<br>Growing sentences, Picture, reading, self-introduction | June<br>July | SRG<br>PTA |

| | | | |
|---|---|---|---|
| Develop the creative speaking and writing | Book reading<br>Find words<br>Collect and read past tense<br>Rhyming word web<br>Make riddles conversations<br>Add more lines | August<br>September | SRG<br>PTA |
| To express thoughts, feelings etc | Library book reading<br>Conversations skit, stories<br>Develop story<br>Description<br>Thoughts | October<br>November | |
| Develop the creative speaking and writing | Library books reading<br>Skit stories<br>Develop story<br>Reads diary<br>Conversations<br>Diary<br>Announcement | December<br>January | SRG<br>PTA |
| To improve the presentation power | Library book reading<br>Develop story<br>Skit stories<br>Thoughts<br>Diary writing<br>Exhibition | February<br>March | PTA<br>SRG<br>SSk |

## മേഖല - അക്കാദമികം

## ഉപമേഖല - ഗണിതം

## ക്ലാസ് - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമീതിയ രൂപം തിരിച്ചറിയാം | ഒറിഗാമി ശിൽപശാല രസകരമായി ഗണിതപഠനവും നിർമാന പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ പ്രദർശിപ്പിക്കൽ | ജൂൺ ജൂലായ് | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള, ഗണിതോത്സവം, ഉല്ലാസഗണിതത്തിലെ പ്രവർത്തനങ്ങൾ | ജൂൺ മുതൽ ജനുവരി | SRG Class Teacher | PTA |
| കളിക്കാം ഗണിക്കാം | വിവധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം | വർഷം മുഴുവൻ | Class Teacher | |
| ഗണിതപഠനം രസകരമാക്കൽ (പത്യൂഷ് ക്രിയകൾ ലളിതമാക്കൽ) | ഏണിയും പാമ്പും കളി, സൈഡ് കളി, സങ്കലനം, വ്യവകലനം എന്നിവ ഉറപ്പിക്കാനായി കച്ചവടക്കളി etc | | | |

| | | | | |
|---|---|---|---|---|
| ഗണിതലാബ് ഒരുക്കൽ ഗണിത പഠന പ്രവർത്തനം എളുപ്പമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG Class Teacher | PTA |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം പ്രദർശനം | ആവശ്യാനുസരണം | Class Teacher | PTA |
| ഗണിതശേഷികകളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനോൽപന്ന പ്രദർശനം | ജനുവരി/ ഫെബ്രുവരി | SRG Class Teacher | PTA |

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 – 2026

## STD – 3

## EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | ചെടികൾ നിരീക്ഷിക്കുന്നു<br>പ്രകൃതി നടത്തം<br>വിത്ത് മുളപ്പിക്കൽ<br>വ്യത്യസ്ത തരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>പരിസ്ഥിതി ദിനാചരണം<br>ഹരിതകാർഡ് നിർമ്മാണം<br>തെങ്ങിൻതൈ നടൽ | SRG |
| ജൂലൈ | വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം, ചിത്ര ശേഖരണം<br>മണ്ണ് നിരീക്ഷണം<br>ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>ശലഭങ്ങൾ വരുന്ന ചെടികൾ | PTA<br>SRG |
| വർഷം മുഴുവൻ | സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | |

| | | |
|---|---|---|
| ഓഗസ്റ്റ് | മഴമാപിനി നിർമ്മാണം<br>ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>കിണർ സന്ദർശനം<br>മണ്ണ് നിരീക്ഷണം<br>മണ്ണ്കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>ആശയപടം തയ്യാറാക്കൽ | SRG |
| സെപ്റ്റം ബർ | ശുചിത്വ പോസ്റ്റർ നിർമ്മാണം<br>സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>ആരോഗ്യ ബോധവത്കരണ സെമിനാർ<br>ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ | SRG<br>PTA |
| ഒക്ടോബർ | ഫീൽഡ് ട്രിപ്പ് - പഴം/പച്ചക്കറികട<br>ഫുഡ് ഫെസ്റ്റിവൽ<br>എന്റെ ആരോഗ്യകാർഡ് - ഓരോ കുട്ടിക്കും<br>BMI കാണുന്നു<br>സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>ശരിയായ ഭക്ഷണശീലം പോസ്റ്റർ | PTA<br>MPTA<br>SRG |
| നവംബർ | ആരോഗ്യ വിദഗ്ദരുടെ ക്ലാസ്<br>റോൾപ്ലേ - റോഡ് നിയമങ്ങൾ<br>First Aid Kit തയ്യാറാക്കൽ | SRG<br>PTA<br>CPTA |



# നാലാം ക്ലാസ്സ്



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| ആസ്വാദ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - ആദരിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ അനുസ്മരണ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പാഠം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പാഠവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |